**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2220** **09-02-2023 - ൽ മറുപടിയ്ക്ക്**

**റേഷൻ കടകളിലെ അളവ് തൂക്ക സംവിധാനങ്ങളുടെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റേഷൻകടകളിൽ അളവ് തൂക്ക വെട്ടിപ്പ് നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത് സംബന്ധിച്ച എത്ര പരാതികളാണ് ആകെ ലഭിച്ചിട്ടുള്ളത്; ഇതിൽ നടപടി പൂർത്തിയാക്കിയിട്ടുള്ള പരാതികളുടെ എണ്ണം എത്ര; വിശദാംശം നൽകുമോ; | (ബി) | ലഭ്യമായ 12 പരാതികളിന്മേൽ 5 എണ്ണത്തിൽ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 7 പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഇത്തരം അളവ് തൂക്ക തട്ടിപ്പ് കേസുകളിൽ ഉൾപ്പെടുന്ന കടയുടമകൾക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഉപഭോക്താക്കൾക്ക് കൃത്യമായ അളവിൽ റേഷൻ വിഹിതം നൽകാത്ത കടയുടമകൾക്കെതിരെ കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 ൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം 6 മാസം മുതൽ 1 വർഷം വരെ ലൈസൻസ് താത്ക്കാലികമായി സസ്പെന്റ് ചെയ്യുക, ദുരുപയോഗം ചെയ്ത സാധനങ്ങളുടെ കമ്പോള നിരക്കിലെ വില ഈടാക്കുക, ജാമ്യ സംഖ്യയുടെ 50% ഈടാക്കുക തുടങ്ങിയ ശിക്ഷാ നടപടികളാണ് സ്വീകരിച്ചുവരുന്നത്. |
| (ഡി) | റേഷൻ കടകളിലെ അളവ് തൂക്ക സംവിധാനങ്ങൾ പരിശോധിക്കുന്നതിന് പൊതുവിതരണ വകുപ്പിൽ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | റേഷൻ കടകളിൽ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ത്രാസിന്റെ കാര്യക്ഷമത പരിശോധിക്കുന്നത് ലീഗൽ മെട്രോളജി വകുപ്പാണ്. കടകളിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ ഇലക്ട്രോണിക് ത്രാസ് ലീഗൽ മെട്രോളജി വകുപ്പ് മുദ്രണം ചെയ്തതാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. |
| (ഇ) | ഇതിനായി ഓരോ തലത്തിലും ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാണ്; ഈ ഉദ്യോഗസ്ഥർ കടകളിൽ പരിശോധനകൾ നടത്തുന്നത് എപ്പോഴെല്ലാമാണ്; വിശദമാക്കുമോ? | (ഇ) | റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ആഫീസർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്ക് പുറമേ വിജിലൻസ് ആഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ഭക്ഷ്യ കമ്മീഷൻ, കൂടാതെ സംസ്ഥാനതല പരിശോധനാസംഘവും പരിശോധന നടത്തുന്നുണ്ട്. എല്ലാ റേഷനിംഗ് ഇൻസ്പെക്ടർമാരും അവരുടെ |

| | | | |
|---|---|---|---|
| | | | ഫർക്കയിലെ എല്ലാ റേഷൻ കടകളും താലൂക്ക് സപ്ലൈ ഓഫീസർമാർ താലൂക്കിലെ ആകെ കടകളുടെ എണ്ണത്തിന്റെ 30% വീതവും ജില്ലാ സപ്ലൈ ആഫീസർമാർ ജില്ലയിലെ ആകെ റേഷൻ കടകളുടെ എണ്ണത്തിന്റെ 20% വീതവും 2 മാസത്തിലൊരിക്കലും പരിശോധന നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ